


Sunday
Vol. 14 No. 26 CYCLE - C
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2025 മെയ് 18

## പെസഹാക്കാലം അഞ്ചാം ഞായർ

# യേശുവിനെപ്പോലെ സ്നേഹിക്കാം...

ഡോ. പ്രിൻസ് പുത്തൻചക്കാലക്കൽ



സ്നേഹമില്ലാത്തവന്റെ അസാന്നിധ്യത്തിൽ, അതായത് യൂദാസ് പുറത്തുപോയിക്കഴിഞ്ഞപ്പോൾ കർത്താവ് ബാക്കിയുള്ള ശിഷ്യന്മാർക്ക് ഒരു കൽപന നൽകുകയാണ്, ഒരുപക്ഷേ അവശേഷിക്കുന്ന അല്പസമയത്തിനുള്ളിൽ കർത്താവിന് അവർക്ക് നൽകാനുണ്ടായിരുന്ന പരമപ്രധാനമായ കൽപനയായിരുന്നു അത്. ശിഷ്യന്മാർ മാത്രമുള്ള ഒരു കൂട്ടായ്മയിൽ, അവരുടെ പാദങ്ങൾ കഴുകിയ ശേഷം യൂദാസ് തന്നെ വഞ്ചിക്കാനിരിക്കുന്നതിനെപ്പറ്റി അവരെ അറിയിച്ചതിനുശേഷമാണ് കർത്താവ് ഈ പ്രധാന കൽപന നൽകുന്നത്. യൂദാസിനാൽ വഞ്ചിക്കപ്പെടാനിരിക്കുന്ന തനിക്ക് ഇനി അധിക സമയം ബാക്കിയില്ലായെന്ന് മനസ്സിലാക്കിയാണ് താൻ ഇനി അല്പസമയം കൂടി മാത്രമേ ഉണ്ടാവൂ എന്ന് അവിടുന്ന് പറയുന്നത്. കുറച്ചു കഴിയുമ്പോൾ തന്നെ യേശു ബന്ധനസ്ഥനാവുകയും ചെയ്യുന്നു.

വിട പറയുന്നതിന് മുമ്പ് വളരെ വൈകാരികമായി യേശു നൽകുന്ന ഒരു കൽപനയാണ് സ്നേഹത്തെപ്പറ്റിയുള്ള ഈ കൽപന. സ്നേഹത്തെപ്പറ്റിയുള്ള കൽപന നൽകുന്നതോടൊപ്പം എങ്ങനെ സ്നേഹിക്കണമെന്നുകൂടി അവിടുന്ന് തന്റെ ശിഷ്യരെ ഓർമ്മിപ്പിക്കുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം." പിന്നീട് ഒരു പടി കൂടി കടന്ന് കർത്താവ് ശിഷ്യന്മാരോട് സംസാരിക്കുന്നത് ഇപ്രകാരമാണ്, നിങ്ങൾ പരസ്പരം സ്നേഹിക്കുമ്പോൾ, ആ സ്നേഹത്തിലൂടെയാകും നിങ്ങളെല്ലാവരും എന്റെ ശിഷ്യന്മാരെന്ന് അറിയപ്പെടുക. എപ്പോഴാണോ അവർ സ്നേഹത്തോടും സന്തോഷത്തോടും കൂടെ കൂട്ടായ്മയിൽ ജീവിക്കുന്നത് അപ്പോഴാകും കർത്താവിന്റെ ശിഷ്യരെന്ന് അവർ അറിയപ്പെടുക.

വി. ലൂക്ക എഴുതിയ സുവിശേഷത്തിൽ ശിഷ്യന്മാർ പരസ്പരം കലഹിക്കുന്നത് കാണാം. തങ്ങളിൽ വലിയവൻ ആരാണെന്നതായിരുന്നു അവരുടെ കലഹത്തിനുള്ള കാരണം. എന്നാൽ ഇതറിയുന്ന കർത്താവ് അവരോട് പറയുന്നു: "നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം (ലൂക്കാ 22/ 26). ഇങ്ങനെയുള്ള പല സംഭവങ്ങളും അവരുടെ ജീവിതത്തിലുണ്ടായിരുന്നതു കാരണമായിരിക്കാം യേശു തന്റെ ശിഷ്യന്മാരോട് പരസ്പരം സ്നേഹിക്കുവാനും, ആ സ്നേഹത്തിലൂടെ ലോകത്തിന്റെ മുമ്പിൽ ക്രിസ്തുശിഷ്യരെന്ന് അറിയപ്പെടാനും അവരോട് ആവശ്യപ്പെടുന്നത്.

പതിനൊന്ന് ശിഷ്യന്മാരുടെ ഒരു ചെറിയ കൂട്ടായ്മയിൽ വച്ചാണ് കർത്താവ് സ്നേഹത്തിന്റെ ഈ കൽപന പഠിപ്പിക്കുന്നത്. ഈ കൂട്ടായ്മയിലുള്ള അവർ പരസ്പരം സ്നേഹിച്ചാൽ മാത്രമേ അതു മൂലം അവർ യഥാർത്ഥ ശിഷ്യരായി മാറ്റപ്പെടുകയുള്ളൂ. കർത്താവിന്റെ മരണശേഷം ശിഷ്യന്മാർ തമ്മിൽ മാത്സര്യത്തോടെ ഇടപഴകുന്നത് നാം കാണുന്നില്ല, മറിച്ച് അവർ എപ്പോഴും കൂട്ടായ്മയിലായിരുന്നു. ഒരു പക്ഷെ അത് കർത്താവിനെ നഷ്ടപ്പെട്ടതിന്റെ ദു:ഖവും, യഹൂദരോടുള്ള ഭയം നിമിത്തവുമാകാം. പെന്തക്കോസ്താ വരെ അവർ കൂട്ടായ്മയിൽ പ്രാർത്ഥനയോടും, സ്നേഹത്തോടും കൂടെ കഴിഞ്ഞു. പിന്നീട് ആ സ്നേഹത്തിന്റെ ശക്തിയാൽ അവർ പുറത്തിറങ്ങി കർത്താവിനെ പ്രഘോഷിക്കുകയും, ലോകം മുഴുവൻ സുവിശേഷമെത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

ഇന്നത്തെ സുവിശേഷം നമ്മോട് പറയുന്നതും ഏതൊരു കൂട്ടായ്മയിലും സ്നേഹമുണ്ടായിരിക്കണമെന്നാണ്. പരസ്പര സ്നേഹമില്ലാത്ത കൂട്ടായ്മകൾ ഒരിക്കലും നിലനിൽക്കുകയില്ല. ഒരു കുടുംബത്തിൽ മാതാപിതാക്കളും, മക്കളുമെല്ലാം പരസ്പരം സ്നേഹിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ് ഈ കല്പനയിലൂടെ. അവിടെ സ്വാർത്ഥതയ്ക്ക് സ്ഥാനമില്ല. ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് പരസ്പരം സ്നേഹിക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ ആ കുടുംബത്തിൽ ഒരിക്കലും സമാധാനം ഉണ്ടാവുകയില്ല. ഇതുപോലെ തന്നെയാണ് എല്ലാ കൂട്ടായ്മകളും. സ്നേഹമില്ലാത്തിടത്ത് ഒത്തിരിയേറെ പ്രശ്നങ്ങൾക്ക് സാധ്യതയുണ്ട്. അവിടെ കലഹങ്ങളും, വിഷമങ്ങളുമുണ്ടാകും. അധികാര ചിന്തയും, അസൂയയുമുണ്ടാകും. എന്നാൽ സത്യസന്ധതയോ, ആത്മാർത്ഥതയോ, ക്ഷമയോ, സഹനമോ ഉണ്ടാവുകയില്ല. അതിനാൽ തന്നെ വിട്ടുകൊടുക്കൽ ഒരിക്കലും സാധ്യമാവുകയില്ല.

കർത്താവ് നമ്മെ പഠിപ്പിച്ചതുപോലെ സ്നേഹിക്കുന്നതിലൂടെ മാത്രമാണ് ജീവിതത്തിൽ സന്തോഷവും സമാധാനവും നിലനിർത്താൻ സാധിക്കുന്നത്. മാത്രമല്ല ആ സ്നേഹത്തിൽ ജീവിക്കുമ്പോൾ, നാം ക്രിസ്തുശിഷ്യരാണെന്ന് ലോകം നമ്മെ കണ്ടു പറയുകയും ചെയ്യും. മദർ തെരേസയെയും, വി. ഫ്രാൻസിസ് അസ്സീസിയെയും പോലെ ക്രിസ്തുവിനെ മാതൃകയാക്കി, സ്നേഹത്തിൽ ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ. അതുവഴി ക്രിസ്തു നമ്മിൽ ജീവിക്കുകയും, നാം എല്ലാവരും ക്രിസ്തുശിഷ്യരാണെന്ന് അറിയപ്പെടുകയും ചെയ്യട്ടെ.

## ആമുഖം

സ്നേഹമുള്ളവരെ, യേശുനാഥൻ ഇന്നത്തെ സുവിശേഷത്തിൽ നമ്മോട് പറയുന്നു: “ഞാൻ നിങ്ങൾക്ക് ഒരു പുതിയ കല്പന തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.” സ്വയം ചെയ്തു കാണിച്ചതിനുശേഷമാണ് യേശുനാഥൻ നമ്മോട് ചെയ്യാൻ പറയുന്നത്. അതായത് പകരത്തിനു പകരം ചെയ്തിരുന്ന ഒരു ജനസമൂഹത്തിന്റെ മുമ്പിൽ ഒരു കരണത്തടിക്കുന്നവന് മറുകരണം കാണിച്ചു കൊടുക്കണമെന്നു പറയുക മാത്രമല്ല, മറിച്ച് അത് പ്രാവർത്തികമാക്കിയവൻ കൂടിയാണ് ഉത്ഥിതനായ യേശുനാഥൻ. ആ യേശുവിന്റെ അനുയായികളെന്ന് നമ്മെ നോക്കി മറ്റുള്ളവർ പറയണമെങ്കിൽ നമ്മൾ പരസ്പരം സ്നേഹിച്ചാൽ മാത്രം മതിയെന്നാണ് തിരുവചനത്തിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. അതിനാൽ അതിരുകളില്ലാതെ, അളവുകളില്ലാതെ എല്ലാവരെയും, പ്രത്യേകിച്ച് നമ്മെ വെറുക്കുന്നവരെയും, ദ്രോഹിക്കുന്നവരെയും, അധിക്ഷേപിക്കുന്നവരെയും ആത്മാർത്ഥമായി സ്നേഹിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമെ എന്ന പ്രാർത്ഥനയോടെ ഈ ബലി നമുക്ക് ആരംഭിക്കാം.

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (14 : 21-27)

*(അവർ സഭയെ വിളിച്ചുകൂട്ടി, തങ്ങൾ മുഖാന്തരം ദൈവം ചെയ്തതെല്ലാം വിശദീകരിച്ചു)*

അക്കാലത്ത്, പൗലോസും ബർണബാസും ലിസ്ത്രായിലേക്കും ഇക്കോണിയത്തിലേക്കും അന്ത്യോക്യായിലേക്കും തിരിച്ചുചെന്നു. വിശ്വാസത്തിൽ നിലനിൽക്കണമെന്നും നിരവധി പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ശിഷ്യരുടെ മനസ്സിനെ അവർ ശക്തിപ്പെടുത്തി. അവർ സഭകൾതോറും ശ്രേഷ്ഠൻമാരെ നിയമിച്ച് പ്രാർഥനയോടും ഉപവാസത്തോടും കൂടെ, അവരെ തങ്ങൾ വിശ്വസിച്ച കർത്താവിനു സമർപ്പിച്ചു.
പിന്നീട് അവർ പിസീദിയായിലൂടെ കടന്ന് പാംഫീലിയായിൽ എത്തി. പെർഗായിൽ വചനം പ്രസംഗിച്ചതിനു ശേഷം അവർ അത്താലിയായിലേക്കു പോയി. അവിടെ നിന്ന് അന്ത്യോക്യായിലേക്കു കപ്പൽ കയറി. തങ്ങൾ നിർവഹിച്ച ദൗത്യത്തിന് ആവശ്യമായിരുന്ന ദൈവകൃപയ്ക്ക് അവർ ഭരമേൽപിക്കപ്പെട്ടത് അവിടെവച്ചാണല്ലോ. അവർ അവിടെ എത്തിയപ്പോൾ സഭയെ വിളിച്ചുകൂട്ടി തങ്ങൾ മുഖാന്തരം ദൈവം എന്തെല്ലാം പ്രവർത്തിച്ചുവെന്നും വിജാതീയർക്കു വിശ്വാസത്തിൻെറ വാതിൽ അവിടുന്ന് എങ്ങനെ തുറന്നുകൊടുത്തുവെന്നും വിശദീകരിച്ചു.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (145 : 8-9, 10-11, 12-13ab)

**എന്റെ രാജാവായ ദൈവമേ, ഞാൻ അങ്ങയുടെ നാമത്തെ എന്നേക്കും വാഴ്ത്തും.**

കർത്താവു കൃപാലുവും കരുണാമയനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്. കർത്താവ് എല്ലാവർക്കും നല്ലവനാണ്; തൻെറ സർവസൃഷ്ടിയുടെയും മേൽ അവിടുന്നു കരുണ ചൊരിയുന്നു.

**എന്റെ രാജാവായ ദൈവമേ .....**

കർത്താവേ, അവിടുത്തെ എല്ലാ സൃഷ്ടികളും അവിടുത്തേക്കു കൃതജ്ഞതയർപ്പിക്കും; അങ്ങയുടെ വിശുദ്ധർ അങ്ങയെ വാഴ്ത്തും. അവിടുത്തെ രാജ്യത്തിൻെറ മഹത്വത്തെപ്പറ്റി അവർ സംസാരിക്കും; അവിടുത്തെ ശക്തിയെ അവർ വർണിക്കും.

**എന്റെ രാജാവായ ദൈവമേ .....**

അവിടുത്തെ ശക്തമായ പ്രവൃത്തികളും അവിടുത്തെ രാജ്യത്തിൻെറ മഹത്വപൂർണമായ പ്രതാപവും മനുഷ്യമക്കളെ അവർ അറിയിക്കും. അവിടുത്തെ രാജത്വം ശാശ്വതമാണ്; അവിടുത്തെ ആധിപത്യം തലമുറകളോളം നിലനിൽക്കുന്നു.

**എന്റെ രാജാവായ ദൈവമേ .....**

## രണ്ടാം വായന

### വെളിപാടിന്റെ പുസ്തകത്തിൽനിന്ന് (21 : 1-5a)

*(അവരുടെ കണ്ണീരെല്ലാം ദൈവം തുടച്ചുനീക്കും)*

യോഹന്നാനായ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി. വിശുദ്ധനഗരമായ പുതിയ ജറുസലേം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്ന്, ഇറങ്ങിവരുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽനിന്നു വലിയൊരു സ്വരം ഞാൻ കേട്ടു: ഇതാ, ദൈവത്തിൻെറ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും. അവിടുന്ന് അവരുടെ മിഴികളിൽ നിന്നു കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായി

രിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നു പോയി. സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു: ഇതാ, സകലവും ഞാൻ നവീകരിക്കുന്നു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Jn. 13 : 34 + 35a) കർത്താവ് അരുൾ ചെയ്യുന്നു: ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (13 : 31-33a, 34-35)

*(ഒരു പുതിയ കൽപന ഞാൻ നിങ്ങൾക്കു നൽകുന്നു: നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ)*

അവസാനത്തെ അത്താഴസമയത്ത് യൂദാസ് പുറത്തു പോയിക്കഴിഞ്ഞപ്പോൾ യേശു പറഞ്ഞു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. ദൈവം അവനിൽ മഹത്വപ്പെട്ടുവെങ്കിൽ ദൈവം അവനെ തന്നിൽ മഹത്വപ്പെടുത്തും; ഉടൻതന്നെ മഹത്വപ്പെടുത്തും. എന്റെ കുഞ്ഞുങ്ങളേ, ഇനി അൽപസമയം കൂടി ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, തന്റെ പുത്രനിലൂടെ സ്നേഹത്തിന്റെ പുതിയ കല്പന നമുക്ക് നൽകിയ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നമ്മുടെ ഹൃദയാഭിലാഷങ്ങളും, പ്രാർത്ഥനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, പരിശുദ്ധാത്മാരൂപിയാൽ തിരുസഭയെ നയിക്കുവാൻ അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അഭിഷിക്തരെയും അനുഗ്രഹിക്കണമെ. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സഭയെ ഐക്യത്തിലും, വിശ്വാസചൈതന്യത്തിലും വിശുദ്ധിയുടെ പാതയിലൂടെ നയിക്കുവാൻ ഇവരുടെ കരങ്ങൾക്ക് ശക്തി പകരണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ താതാ, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന അങ്ങേ തിരുക്കുമാരന്റെ വാക്കുകൾ ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ ആയിരിക്കുന്ന ജീവിത സാഹചര്യങ്ങളിൽ ഞങ്ങളോടൊപ്പമായിരിക്കുവരെ ആത്മാർത്ഥമായി സ്നേഹിക്കുവാനും, ഞങ്ങളാൽ കഴിയുന്ന നന്മ പ്രവൃത്തികൾ വഴി സ്നേഹത്തിന്റെ വക്താക്കളും, ഉത്തമ സാക്ഷികളുമായി മാറുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. നിത്യനായ ദൈവമേ, എല്ലാ യുവജനങ്ങളും അങ്ങേ തിരുക്കുമാരന്റെ ജീവിതം മാതൃകയായി സ്വീകരിച്ചുകൊണ്ട് ഈ ലോകം ഒരുക്കുന്ന പ്രലോഭനങ്ങളെ അതിജീവിക്കുവാനും, നന്മയുടെ മാർഗ്ഗങ്ങൾ മാത്രം തെരഞ്ഞെടുത്തുകൊണ്ട് കുടുംബത്തിന്റെയും, സമൂഹത്തിന്റെയും ഉന്നമനത്തിനായി തീക്ഷ്ണതയോടെ പ്രവർത്തിക്കുവാനും, ഒരു നല്ല ജീവിതം കെട്ടിപ്പടുക്കുവാനും ഇടയാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. പരിപാലകനായ ദൈവമേ, അനാഥരും, ആലംബഹീനരുമായ ഞങ്ങളുടെ സഹോദരങ്ങൾ അങ്ങയിൽ ആശ്വാസം കണ്ടെത്തുവാൻ ഇടയാക്കണമെ. അവരുടെ ജീവിതങ്ങളെ അങ്ങ് സ്പർശിക്കണമെന്നും, അതുവഴി ഒരുനാളും അണയാത്ത സന്തോഷവും, സമാധാനവും അവരുടെ ജീവിതത്തിൽ നിറയുവാൻ സ്നേഹം നിറഞ്ഞ ചുറ്റുപാടുകളും, സാഹചര്യങ്ങളും അവർക്കായി ഒരുക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. സ്വർഗ്ഗം തുറക്കുന്ന തങ്കത്താക്കോലായി മരണത്തെ രൂപപ്പെടുത്തിയ ദിവ്യനാഥാ, മരണമടഞ്ഞ സകല ആത്മാക്കളുടെ മേലും കരുണയായിരിക്കണമെ. സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള ഇവരുടെ യാത്രയിൽ അറിഞ്ഞോ, അറിയാതെയോ വന്നുപോയ വീഴ്ചകളെല്ലാം സദയം പൊറുക്കണമെന്നും, സ്വർഗ്ഗത്തിൽ അങ്ങേ തിരുമുഖം ദർശിക്കുവാനുള്ള ഭാഗ്യമരുളണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, പരസ്പരം സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച അങ്ങേ തിരുക്കുമാരന്റെ മാതൃക പിന്തുടർന്ന്, ഞങ്ങളെപ്പോലെ തന്നെ ഞങ്ങളോടൊപ്പമായിരിക്കുന്നവരെയും സ്നേഹിക്കുവാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കഴിയുന്ന നല്ല മനസ്സിന്റെ ഉടമകളാക്കി ഞങ്ങളെ മാറ്റണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. അമൃത വർഗ്ഗീസ് A. S. A.

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

സ്വർഗ്ഗത്തിൻ പ്രഭ തൂകും അൾത്താര തന്നിൽ
സ്നേഹത്തിൻ ബലി തൻ വേളയിതാ
നിരയായ് നിരനിരയായ് അണിയണിയായ് വന്നു
സ്വർലോക വൃന്ദവും മാനവരും (സ്വർഗ്ഗത്തിൻ.......)

ഇതാ.. ദൈവത്തിൻ ഭവനം
നമ്മെ കാത്തിരിക്കുന്നൊരു ദൈവം
ഇതാ.. വരമഴ തൻ സമയം
പാടാം സ്വർഗ്ഗീയ വൃന്ദത്തോടൊപ്പം (2)

യാഗത്തിൻ മെഴുതിരിയായ് തെളിയാം
സ്നേഹത്തിൻ നറുമലരായ് വിരിയാം (2)
വീണ്ടെടുക്കുവാൻ നമ്മെ സ്വന്തമാക്കുവാൻ (2)
വീണ്ടും ബലിവസ്തുവാകുന്നു ദൈവം
ഏകിടാം നമ്മെയൊന്നായ്
(ഇതാ... ദൈവത്തിൻ.....)

### കാഴ്ചവയ്പ് ഗാനം

ഈ സ്നേഹബലിയിൽ
കാഴ്ചയേകാൻ അണയുന്നിതാ
ഈ കൈക്കുമ്പിളിൽ
ഞങ്ങളേകുന്നിതാ ജീവിതം (ഈ സ്നേഹ......)

ഈ ദിവ്യബലിയിൽ ബലിവസ്തുവായ്
ഞങ്ങളും ചേരുന്നിതാ...
ദൈവമേ നിൻ തൃക്കൈകളിൽ
ഞങ്ങളർപ്പണം ചെയ്യുന്നിതാ
ആബാ ആബാ പിതാവേ
അങ്ങു മാത്രമേ ഞങ്ങൾക്കു ദൈവം
അങ്ങെ അൾത്താര തന്നിൽ
ഞങ്ങൾ അർപ്പണം ചെയ്യുന്നു സർവ്വം
(ഈ സ്നേഹ......)

ഞങ്ങൾക്കു നീ കനിഞ്ഞേകിയ
ദിവ്യ താലന്തുകൾ ദൈവമേ (2)
ഈ ബലിവേദിയിൽ ഞങ്ങൾ
കാഴ്ചയേകാനണയുന്നു മോദമായ്
ഒന്നൊന്നിരട്ടിയായ് അങ്ങെ
മുന്നിൽ അർപ്പണം ചെയ്യുന്നു സാദരം (2)


### ദിവ്യകാരുണ്യ ഗാനം

അന്യോന്യം സ്നേഹിക്കുവിൻ നിങ്ങൾ
അന്യോന്യം സ്നേഹിക്കുവിൻ (2)
സ്നേഹിച്ചു ജീവൻ തന്ന നിൻ നാഥൻ
സ്നേഹമായോതുന്നിതാ (2) (അന്യോന്യം........)

അന്യർതൻ ദു:ഖത്തിൽ പങ്കുചേർന്നീടണം
ആർദ്രത കാട്ടീടണം (2)
ഉള്ളതിൽ പങ്കു നാം അഗതികൾക്കായ്
അറിഞ്ഞു നൽകേണം മടിച്ചിടാതെ (2)
(അന്യോന്യം........)

ദൈവത്തിൻ നൽസ്നേഹം ഉള്ളിലുള്ളോരാരും
ആരോടും കോപിക്കില്ല (2)
എല്ലാം സഹിക്കുവാൻ ക്ഷമിച്ചീടുവാൻ
ശ്രീയേശു നമ്മളോടോതിയല്ലോ (2) (അന്യോന്യം........)

| May | വിശുദ്ധർ | വായനകൾ |
|---|---|---|
| 19 Mon | St. Celestine | Act 14: 5-18/ Ps 115: 1-2. 3-4. 15-16/ Jn 14: 21-26 |
| 20 Tue | St. Bernardine of Siena | Act 14: 19-28/ Ps 145: 10-11. 12-13ab. 21/ Jn 14: 27-31a |
| 21 Wed | Sts. Christopher Magallanes & Companions | Act 15: 1-6/ Ps 122: 1-2. 3-4a. 4b-5/ Jn 15: 1-8 |
| 22 Thu | St. Rita of Cascia | Act 15: 7-21/ Ps 96: 1-2a. 2b-3. 10/ Jn 15: 9-11 |
| 23 Fri | St. John Baptist de Rossi | Act 15: 22-31/ Ps 57: 8-9. 10-12/ Jn 15: 12-17 |
| 24 Sat | St. David I of Scotland | Act 16: 1-10/ Ps 100: 2. 3. 5/ Jn 15: 18-21 |



Sunday
**വെർബും ദോമിനിയുടെ**
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം**
**താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.